## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 454 | 22.07.2015-ൽ മറുപടിക്ക്

## കസ്തൂരി രംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കസ്തൂരി രംഗൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ കേന്ദ്രസർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ഇല്ല. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കാനായി കേന്ദ്രസർക്കാർ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളായി കണക്കാക്കപ്പെട്ട പ്രദേശങ്ങളിലെ ആശങ്കകൾ ഇപ്പോഴും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പശ്ചിമഘട്ട മേഖലയിലെ കർഷക ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കൈക്കൊള്ളരുതെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഉൾക്കൊള്ളുന്നില്ല. |
| (സി) അന്തിമ വിജ്ഞാപനത്തിൽ എന്തെല്ലാം ഘടകങ്ങൾ ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്; ഇതിന്മേൽ തുടർ ചർച്ചകൾ ഉണ്ടായിട്ടുണ്ടോ; അന്തിമ വിജ്ഞാപനം എന്നത്തേയ്ക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു ; | (സി) കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിലാകെ 13108 ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലമായി കണക്കാക്കിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ദ്രുതഗതിയിലുള്ള ഇടപെടലുകളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിസ്തൃതി 9993.7 ച.കി.മീ. ആയിട്ട് കുറച്ചാണ് 10.03.2014-ൽ കേന്ദ്രസർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ജനവാസകേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ തുടങ്ങിയുള്ള പ്രദേശം ഒന്നാകെ ഒഴിവാക്കി വനപ്രദേശം മാത്രം ESA യിൽ ഉൾപ്പെടുത്താവൂ എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ |

(contd........2...)

നയം. അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി വിവരണ റിപ്പോർട്ട് നൽകണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഉടൻ റിപ്പോർട്ട് നൽകുന്നതാണ്. അന്തിമ വിജ്ഞാപനം ഉടനെതന്നെ പുറപ്പെടുവിക്കുമെന്ന് 07.07.2015-ൽ കൂടിയ സംസ്ഥാനങ്ങളുടെ യോഗത്തിൽ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഇക്കാര്യത്തിൽ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും പുതിയ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) ഇല്ല. പുതിയ നിർദ്ദേശങ്ങളൊന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ